ശ്രീ. പി. എസ്. ശ്രീനിവാസൻ: പുതിയ വനംനിയമംതന്നെ ഇപ്പോഴത്തെ സ്ഥിതിമാറ്റുന്നതിനുള്ള കാര്യമാണ്. ബഹുമാനപ്പെട്ട വനം മന്ത്രി അടുത്ത ദിവസംതന്നെ പ്രഖ്യാപിച്ചു ഈ കാര്യങ്ങളും ത്വരിതമാക്കാനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന്. വനപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളവും നാട്ടിൻപുറങ്ങളെ സംബന്ധിച്ചിടത്തോളവും പട്ടയം കൊടുക്കേണ്ട കാര്യത്തിൽ വളരെ വേഗം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്തതിർത്തിയിൽനിന്ന് ഈടാക്കുന്ന തൊഴിൽക്കരം മുനിസിപ്പൽ അതിർത്തിയിലേതിനു തുല്യമാക്കാൻ നടപടി

* 557 [606] ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തതൃത്തിയിൽ ജോലിചെയ്യുന്ന ജീവനക്കാർ വളരെ കൂടുതൽ തൊഴിൽക്കരം നൽകുമ്പോൾ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിയിൽ ജോലി ചെയ്യുന്നവർ കൊടുക്കേണ്ട തൊഴിൽക്കരം താരതമ്യേന കുറവാണെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തതൃത്തിയിൽനിന്ന് ഈടാക്കുന്ന തൊഴിൽക്കരം മുനിസിപ്പൽ അതിർത്തിയിലേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കാമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങൾ

* 558 [607] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
,, വി. വി. ജോസഫ് (കുണ്ടറ):
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, എം. കെ. കണ്ണൻ:
ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവ്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലൂടെ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

(ബി) അവർക്കു പ്രവർത്തനത്തിനുവേണ്ടിയുള്ള ഫണ്ട് സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതി എന്തെന്നു വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly